# പതിനാലാം കേരള നിയമസഭ
## (ഏഴാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1325** **10.08.2017-ൽ മറുപടിയ്ക്ക്**

**മത്സ്യതൊഴിലാളികളുടെ പുനരധിവാസം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.എം. നൗഷാദ്<br>ശ്രീ.വി. കെ. സി. മമ്മത് കോയ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |

എ) കടലാക്രമണ മേഖലയിൽ വസിക്കുന്ന മത്സ്യതൊഴിലാളികളെ പുനരധിവസിപ്പിക്കാനായി ആവിഷ്കരിച്ച പദ്ധതിയുടെ വിശദാംശം അറിയിക്കുമോ; പ്രാരംഭ നടപടികൾ ആയിട്ടുണ്ടോ; പദ്ധതി എന്നത്തേക്ക് തുടങ്ങാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

എ) കടലാക്രമണം രൂക്ഷമായനുഭവപ്പെടുന്ന തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിയ്ക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ "അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും" എന്നതിൽപ്പെടുത്തി 150 കോടി രൂപയുടെ ഭവന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | പദ്ധതി ഘടകങ്ങൾ | വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും CRZ അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരുമായ 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധന സഹായം @ 4 ലക്ഷം രൂപ | 4800.00 |
| 2 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരെ പുനരധിവസിപ്പിയ്ക്കുന്നതിന്റെ ഭാഗമായി | 7500.00 |

| | | |
|---|---|---|
| | 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം @ 10 ലക്ഷം രൂപ | |
| 3 | തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിയ്ക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് | 700.00 |
| 4 | 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 ഫ്ളാറ്റ് അപ്പാർട്ടുമെന്റുകളുടെ നിർമ്മാണം | 2000.00 |
| | ആകെ | 15000.00 |

പദ്ധതി പ്രകാരം ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ജില്ലാ ഓഫീസുകൾ മുഖേന അപേക്ഷകൾ ക്ഷണിക്കുകയും ഇതിന്റെ ഫീൽഡ് ലെവൽ പരിശോധന നടന്നു കൊണ്ടിരിക്കുകയുമാണ്.

ബി) എല്ലാ മത്സ്യതൊഴിലാളികൾക്കും വീടും ഭൂമിയും നൽകാനുള്ള പദ്ധതി അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

ബി) പദ്ധതി അവലോകനം നടത്തിയിട്ടുണ്ട്. അപേക്ഷ ക്ഷണിച്ച് അർഹതപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തി ധനസഹായം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സി) മുഴുവൻ മത്സ്യതൊഴിലാളി ഭവനങ്ങളിലും ശൗചാലയം ഉറപ്പാക്കുന്നതിനുള്ള പദ്ധതി പൂർത്തിയായിട്ടുണ്ടോ; നിലവിലെ സ്ഥിതി അറിയിക്കാമോ?

സി) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിന്റെ (എൻ.ഐ.ആർ.ഡി) 2010 ലെ പഠന റിപ്പോർട്ട് പ്രകാരം ഏകദേശം 23530 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സാനിട്ടേഷൻ സൗകര്യം ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വ്യക്തിഗത സാനിട്ടേഷൻ നിർമ്മാണത്തിനായി മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനായി 2012-13

മുതൽ 2016-17 വരെയുളള കാലയളവിൽ ഫിഷറീസ് വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടു ണ്ട്. ഇത് പ്രകാരം 22110 മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം അനുവദിയ്ക്കുന്നതിനാണ് പദ്ധതികൾ ആവിഷ്ക്കരിച്ചിരുന്നത്. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ 15853 പേർ വകുപ്പുമായി എഗ്രിമെന്റിൽ ഏർപ്പെട്ട് ധനസഹായം കൈപ്പറ്റുകയും 14852 പേർ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടു ണ്ട്.

കൂടാതെ സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷന്റെ ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ (ഒ.ഡി.എഫ്) ക്യാമ്പയിൻ പ്രകാരം 3777 മത്സ്യത്തൊഴിലാളികളെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുകയു ണ്ടായി. തെരഞ്ഞെടുക്കപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ശുചിത്വ മിഷൻ നൽകുന്ന 15,400 രൂപയ്ക്ക് പുറമേ 10,000/- രൂപ വീതം അധിക ധനസഹായം നൽകുന്നതിനായി ആകെ 377.70 ലക്ഷം രൂപ ഫിഷറീസ് വകുപ്പിൽ നിന്നും നൽകുന്നതിന് സർക്കാർ തീരുമാനിക്കുകയു ണ്ടായി. ടി അധിക ധനസഹായം നൽകുന്നതിന് ആവശ്യമായ തുക അനുവദിയ്ക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

സെക്ഷൻ ആഫീസർ